# ഉള്ളടക്കം


| വിഷയം | പേജ് നം |
| --- | --- |
| എസ്. എസ്. എൽ.സി വിജയ ശതമാനത്തിൽ | 1 |
| പാഠ്യേതര പ്രവർത്തനങ്ങൾ | |
| വിദ്യാരംഗം കലാസാഹിത്യവേദി (മലയാളം) | |
| അക്ഷരക്കളരി | 2 |
| രചനാശില്പശാല | |
| അഭിമുഖങ്ങൾ/സെമിനാറുകൾ | 3 |
| പഠനയാത്ര | 3 |
| വായനക്കളരി | 4 |
| വായനദിനം അനുസ്മരണയോഗം | 6 |
| ബഷീർ അനുസ്മരണം | 6 |
| സർഗ്ഗവേള | 7 |
| കാർഷികപ്രദർശനം | 7 |
| ഹിന്ദി | |
| ഹിന്ദിവായന | 8 |
| ദിനാചരണങ്ങൾ | |
| ഹിന്ദി കലണ്ടർ | 9 |
| ഹിന്ദി അസംബ്ലി | 9 |


AnyScanner

| | |
|---|---|
| ഇംഗ്ലീഷ് | |
| ഹലോ ഇംഗ്ലീഷ് | 10 |
| വിദഗ്ധരുടെ ക്ലാസ്സുകൾ | 10 |
| സ്പീക്കേഴ്സ് ഫോറം | 11 |
| സോഷ്യൽ സയൻസ് | |
| ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ | 12 |
| ദിനാചരണങ്ങൾ | 13 |
| ഫീൽഡ് ട്രിപ്പ് | 13 |
| കുട്ടികർഷകരെ ആദരിക്കൽ | 14 |
| മോക്ക് പാർലമെന്റ് | 17 |
| സയൻസ് | |
| ചാന്ദ്രദിനം | 18 |
| ഫീൽഡ് ട്രിപ്പ് | |
| ഊർജ്ജസംരക്ഷണദിനം | 19 |
| കൊതുക് ദിനം | 19 |
| ബഹിരാകാശ ദിനം | |
| ഗണിതം | |
| മാത്സ് ക്ലിനിക് | 20 |
| ഗണിതവും ജീവിതവും | 21 |
| പൈ ദിനം | 22 |

| | |
|---|---|
| ശില്പശാല | 21 |
| ഗണിത ലാബ് | 21 |
| ഗണിതമേള | 22 |
| ഫീൽഡ്ട്രിപ്പ് | 22 |
| ജൈവ വൈവിധ്യപാർക്ക് (ശലഭപാർക്ക്) | 23 |
| ഇക്കോ ക്ലബ് | 23 |
| മട്ടുപ്പാവിൽ പച്ചക്കറികൃഷി | 24 |
| വിജയശ്രീ പദ്ധതി | 25 |
| ശ്രദ്ധ പദ്ധതി | 25 |
| | |
| | |

AnyScanner

# S.S.L.C വിജയം

| ക്രമ നമ്പർ | വർഷം | കുട്ടികളുടെ എണ്ണം | വിജയശതമാനം | |
|---|---|---|---|---|
| 1 | 2014-15 | 65 | 100% | |
| 2 | 2015-16 | 70 | 100% | |
| 3 | 2016-17 | 41 | 100% | |
| 4 | 2017-18 | 34 | 100% | |
| 5 | 2018-19 | 67 | 100% After Say Exam | |
| 6 | 2019-20 | 52 | 100% | |
| 7 | 2020-21 | 27 | 100% | |
| 8 | 2021-22 | 21 | 100% | |
| 9 | 2022-23 | 40 | 100% | |
| 10 | 2023-24 | 40 | 100% | |
| 11 | 2024-25 | 18 | 100% | |

AnyScanner

## അക്ഷരക്കളരി

ലക്ഷ്യം

മാതൃഭാഷ തെറ്റുകൂടാതെ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് നേടുക

പ്രവർത്തനങ്ങൾ

അക്ഷരക്കളികൾ, പദനിർമ്മാണം, ചിത്രവായന അക്ഷരപാട്ടുകൾ, നാവുതിരിച്ചിൽ പാട്ടുകൾ എന്നീ പ്രവർത്തനങ്ങൾ നൽകി കുട്ടികളിൽ അക്ഷരജ്ഞാനം ഉറപ്പിക്കുന്നു. ജൂൺ ആദ്യവാരത്തിൽ തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.

## രചനാശില്പശാല

ലക്ഷ്യം

സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ

പ്രവർത്തനം

കഥയരങ്ങ്/കവിയരങ്ങ്/നാടൻപാട്ട് തുടങ്ങിയ മേഖലകളിൽ പ്രശസ്തരായ വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ട് ശില്പശാല സംഘടിപ്പിക്കൽ

## അഭിമുഖങ്ങൾ / സെമിനാറുകൾ

ലക്ഷ്യം

സർഗശേഷിയുടെ പരിപോഷണം

പ്രവർത്തനം

പ്രാദേശികമായി ലബ്ധപ്രതിഷ്ഠരായ സാഹിത്യകാരന്മാർ, കലാകാരന്മാർ എന്നിവരെ കണ്ടെത്തി അവരുമായി അഭിമുഖം നടത്തുന്ന ~ ഉൾപ്പെടുത്തിക്കൊണ്ടുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നു

## പഠനയാത്ര

ലക്ഷ്യം

നേർ പഠനം സാധ്യമാക്കുക, സാഹിത്യാഭിരുചി വളർത്തുക

പ്രവർത്തനം

ഭാഷാപിതാവായ എഴുത്തച്ഛന്റെ ജീവിതയാത്രയുടെ അവസാനനാളുകൾ ചെലവഴിച്ചു എന്നു വിശ്വസിക്കപ്പെടുന്ന ചിറ്റൂർ ഗുരുമഠം, ഒ.വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം എന്ന നോവലിൽ പ്രസിദ്ധിയായ തസ്രാക്കിലേക്കും പഠനയാത്ര സംഘടിപ്പിക്കുന്നു

## വായനക്കളരി

കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും ഭാഷാശേഷി കൈവരിക്കുന്നതിനുമായി വിദ്യാരംഗം ക്ലബിന്റെ ആഭിമുഖ്യത്തിൽ വായനാ കളരി രൂപീകരിക്കുന്നു

ലക്ഷ്യങ്ങൾ

1. സ്കൂൾ ലൈബ്രറി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു.
2. പുസ്തകങ്ങൾ വായിച്ച് പുസ്തക പരിചയം
3. വായനയിലൂടെ കുട്ടി ആർജ്ജിച്ച ഉൾക്കൊണ്ട പ്രവർത്തനങ്ങൾ ക്ലാസ്സുകളിൽ അവതരിപ്പിക്കുന്നു.
4. ക്ലാസ്സ് മുറികളിലെ ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളിലെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനും സഭാകമ്പം കൂടാതെ പൊതുവേദികളിൽ സംസാരിക്കുന്നതിനും പ്രാപ്തരാക്കുന്നു.
5. വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും മത്സരങ്ങളിലും പങ്കെടുക്കാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തുന്നു

## സന്ദേശവും അനുസ്മരണയോഗവും

വായനയുടെ മഹത്വം കുട്ടികളിലെത്തിക്കാൻ സ്കൂൾ തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ

ലക്ഷ്യങ്ങൾ

- വായനദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു
- വായനയുടെ പ്രാധാന്യം മനസ്സിലാക്കുന്നു.
- പി. എൻ പണിക്കരെ കുറിച്ച് മനസ്സിലാക്കുന്നു
- ചെറിയ വായനയിൽ നിന്നും വലിയ വായനയിലേക്ക് എത്താം എന്ന ആശയം ലഭിക്കുന്നു

ജൂൺ 19ന് രാവിലെ പി. എൻ. പണിക്കർ അനുസ്മരണയോഗം സംഘടിപ്പിക്കുന്നു.

AnyScanner

## സർഗവേള

കുട്ടികളിൽ ഒളിഞ്ഞു കിടക്കുന്ന കലാവാസനകൾ കണ്ടെ-
പ്രോത്സാഹനം നല്കുന്നതിന്

ലക്ഷ്യങ്ങൾ

- സഭാകമ്പം മാറി വേദികളെ അഭിമുഖീകരിക്കുന്നതിനു ശേഷി നേടുന്നു
- സർഗശേഷി, ആശയവിനിമയ ശേഷി എന്നിവ നേടു

ജൂലൈ മാസത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും അവസാന പിരിയഡ് സർഗവേളക്കായി നല്കുന്നു. വിവ കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് അവസരം

## കാർഷിക പ്രദർശനം

കർഷക ദിനത്തോടും നാട്ടറിവ് ദിനത്തോടും അനുബന്ധി കാർഷിക വിളകളുടെ പ്രദർശനം, ജൈവ വിത്തുകളുടെ പ്രദർശനവും വില്പനയും

- കൃഷി നമ്മുടെ ജീവിതത്തിന്റെ ഭാഗമാണെന്ന തോന്നൽ കുട്ടികളിൽ ഉണ്ടാക്കിയെടുക്കുന്നു.
- അന്യം നിന്നുപോയ കാർഷിക വൃത്തിയുടെ പ്രാധാന്യ കുറിച്ച് കുട്ടികൾ ബോധവാന്മാരാകുന്നു.
- കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ എഴുതിയ ചാർട്ടുകൾ പ്രദർശിപ്പിക്കുന്നു
- ദശപുഷ്പങ്ങളുടെ പ്രാധാന്യവും പ്രദർശന

## ഹിന്ദി വായന

- കാര്യക്ഷമമായ രീതിയിൽ ഹിന്ദി പഠനം സാധ്യമാക്കു
- അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയൽ പരിശീലിപ്പിക്കുന്നു.
- ഉച്ചാരണം പരിചയപ്പെടുത്തുന്നു
- അക്ഷരങ്ങൾ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു.

## പ്രവർത്തനങ്ങൾ

അക്ഷരമാല അടങ്ങിയ കാർഡ് നല്കുന്നു. അക്ഷരങ്ങൾ അടങ്ങിയ കാർഡ് നല്കുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ, വീഡിയോ സഹായത്തോടെ ഉച്ചാരണം കൃത്യമായി പരിചയപ്പെടുത്തുന്നു.

- കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നല്കുന്നു.

ചിത്രങ്ങൾ, കാർട്ടൂൺ, ചെറുകവിതകൾ വായനക്കായി നല്കുന്നു.

## ദിനാചരണങ്ങൾ

- ദിനാചരണങ്ങൾ സംബന്ധിച്ച് സന്ദേശങ്ങൾ കുട്ടികൾക്ക് ഹിന്ദി ഭാഷയിൽ മനസ്സിലാക്കാൻ സാധിക്കുന്നു
- പ്രവർത്തനം

ജൂൺ മാസം മുതൽ ജനുവരി മാസം വരെയുള്ള കാലയളവിൽ വരുന്ന ദിനാചരണങ്ങളുമായി സംബന്ധിച്ചുള്ള പോസ്റ്ററുകൾ രചനകളും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു

## പ്രേംചന്ദ് ദിനം

ഹിന്ദി-ഉറുദു എഴുത്തുകാരനായ മുൻഷി പ്രേംചന്ദിന്റെ ഓർമ്മദിനത്തിൽ സ്കൂളിലെ കുട്ടികൾക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു

### ലക്ഷ്യങ്ങൾ

- വിശ്വവിഖ്യാതനായ പ്രേംചന്ദ് എന്ന എഴുത്തുകാരനെ കുട്ടികൾ പരിചയപ്പെടുന്നു
- കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി അവസരം ലഭ്യമാകുന്നു

AnyScanner

## ഹിന്ദി കലണ്ടർ

ഹിന്ദി വായിക്കുന്നതിനും എഴുതുന്നതിനുമുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനം

ലക്ഷ്യങ്ങൾ

- ഹിന്ദി വായന പ്രോത്സാഹിപ്പിക്കുക
- ഹിന്ദി പഠനം ലളിതമാക്കുക, താല്പര്യം വർദ്ധിപ്പിക്കുക

പ്രവർത്തനം

- ആഴ്ചകളുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജന്മതിയ്യതി ഹിന്ദിയിൽ എഴുതി വർക്ക്ഷീറ്റുകൾ നൽകി ഹിന്ദി കലണ്ടർ തയ്യാറാക്കി

## ഹിന്ദി അസംബ്ലി

പൊതുവേദിയിൽ ഹിന്ദി സംസാരിക്കാനുള്ള ശേഷി നേടുന്നതിനായി ഹിന്ദിഭാഷയിൽ അസംബ്ലി സംഘടിപ്പിക്കു

ലക്ഷ്യങ്ങൾ

- പൊതുവേദിയിൽ ഹിന്ദി സംസാരിക്കുന്നതിന് ശേഷി നേടുക

പ്രവർത്തനം

- അസംബ്ലി നടത്തുന്നതിനുള്ള കാര്യക്രമങ്ങളും ഹിന്ദിയിൽ തയ്യാറാക്കി അവതരിപ്പിക്കുന്നു

## ഹലോ ഇംഗ്ലീഷ്

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് എഴുത്തും വായനയും നേടി എന്ന് ഉറപ്പാക്കുക

ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് പഠനം രസകരമാക്കുക
- ഇംഗ്ലീഷിൽ എഴുതാനും വായിക്കാനും കുട്ടികളെ പ്രാപ്തമാക്കുക

പ്രവർത്തനം

ജൂൺ ആദ്യവാരം തന്നെ പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം പരിശോധിക്കുന്നു തുടർന്ന് ഇംഗ്ലീഷ് രസകരമായി പഠിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്കുന്നു.

## വിദഗ്ധരുടെ ക്ലാസ്സുകൾ

ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടിയ വിദഗ്ധരായ വ്യക്തികളെ കണ്ടെത്തി ക്ലാസ്സുകൾ നല്കുന്നു

ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് പഠനം ലളിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും.
- ഇംഗ്ലീഷ് ഭാഷയോടുള്ള പേടിമാറ്റി ആത്മവിശ്വാസത്തോടെ ഭാഷ കൈകാര്യം ചെയ്യുന്നതിന്.

പ്രവർത്തനം

പ്രാദേശികമായി ലഭ്യമാവുന്ന, ഇംഗ്ലീഷിൽ വിദഗ്ധരായ വ്യക്തികളെ കണ്ടെത്തി ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

AnyScanner

## സ്പീക്കേഴ്സ് ഫോറം

പൊതുവേദികളിൽ സംസാരിക്കുന്നതിനുള്ള കുട്ടികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്പീക്കേഴ്സ് ഫോറം രൂപീകരിക്കുന്നു .

### ലക്ഷ്യങ്ങൾ

- കുട്ടികളുടെ സഭാകമ്പം മാറി പൊതുവേദികളെ അഭിസംബോധന ചെയ്തു സംസാരിക്കുന്നു
- മനസ്സിലുള്ള ആശയങ്ങൾ ചോർന്നുപോകാതെ കൃത്യമായി അവതരിപ്പിക്കുന്നതിനുള്ള ശേഷി കൈവരിക്കുന്നു

### പ്രവർത്തനങ്ങൾ

ജൂൺ ആദ്യവാരത്തിൽ തന്നെ കുട്ടികളെ കണ്ടെത്തുന്നു. ആവശ്യമായ പരിശീലനങ്ങൾ നല്കുന്നു. വിഷയങ്ങൾ നല്കി സംസാരിക്കുന്നതിനുള്ള അവസരങ്ങൾ നല്കുന്നു. മെച്ചപ്പെടുത്തുന്നു. പൊതുവേദികളിൽ അവസരങ്ങൾ നല്കുന്നു.

## ഹിരോഷിമ-നാഗസാക്കി ദിനം യുദ്ധവിരുദ്ധ പ്രവർത്തനങ്ങൾ

യുദ്ധ വിരുദ്ധ പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ കുട്ടികളിൽ എത്തിക്കുന്നു

ലക്ഷ്യങ്ങൾ

- ഹിരോഷിമ-നാഗസാക്കി ദിനങ്ങളുടെ പ്രാധാന്യം കുട്ടികൾ മനസ്സിലാക്കുന്നു
- യുദ്ധ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുന്നു.

പ്രവർത്തനം

ആഗസ്റ്റ് 6, 9.ന് രാവിലെ അസംബ്ലിയിൽ ഈ ദിനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ലഘുവിവരണം നൽകുന്നു. യുദ്ധ വിരുദ്ധ സന്ദേശം അവതരിപ്പിക്കുന്നു. യുദ്ധ വിരുദ്ധ പ്ലക്കാർഡുകൾ പ്രദർശിപ്പിക്കുന്നു. റാലി സംഘടിപ്പിക്കുന്നു.

## സ്വാതന്ത്ര്യ ദിനം

ഇന്ത്യയുടെ വൈവിധ്യവും അഖണ്ഡതയും ഊട്ടിയുറപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു

ലക്ഷ്യങ്ങൾ

- കുട്ടികളിൽ ദേശീയബോധവും ഐക്യവും മതസൗഹാർദ്ദവും വളർത്തുക.
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക

പ്രവർത്തനം

ആഗസ്റ്റ് 15ന് പതാക ഉയർത്തൽ, സ്വാതന്ത്ര്യസമര സേനാനികളെക്കുറിച്ച് വിവരണം തയ്യാറാക്കുന്നു. പ്രസംഗ മത്സരം, ക്വിസ് സംഘടിപ്പിക്കുന്നു. വിവിധ കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നു. മധുരവിതരണം നടത്തുന്നു

## അധ്യാപകദിനം

അധ്യാപകദിനത്തിന്റെ മഹത്വം കുട്ടികളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

### ലക്ഷ്യങ്ങൾ

- അധ്യാപകദിനത്തിന്റെ പ്രാധാന്യം കുട്ടി മനസ്സിലാക്കുന്നു.
- അധ്യാപകരുടെ സാമൂഹിക സംഭാവനകൾ തിരിച്ചറിയുന്നു.
- ഡോ. എസ്. രാധാകൃഷ്ണന്റെ സംഭാവനകൾ തിരിച്ചറിയുന്നു.

### പ്രവർത്തനങ്ങൾ

മുതിർന്ന അധ്യാപകരെ അസംബ്ലിയിൽ ആദരിക്കുന്നു. ക്ലാസ്മുറികളും വിദ്യാലയവും അലങ്കരിക്കുന്നു. അധ്യാപകർ നയിക്കുന്ന പ്രത്യേക അസംബ്ലി സംഘടിപ്പിക്കുന്നു. ഇഷ്ടമുള്ള അധ്യാപകർക്ക് വിദ്യാർത്ഥികൾ കത്തെഴുതുന്നു. ഡോ. എസ്. രാധാകൃഷ്ണൻ ലഘുചരിത്രം തയ്യാറാക്കുന്നു.

## ഗാന്ധിജയന്തി

ഗാന്ധിജയന്തി ആഘോഷിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു.

### ലക്ഷ്യങ്ങൾ

- ഗാന്ധിജി ലോകത്തിന് നൽകിയ സംഭാവനകൾ മനസ്സിലാക്കുന്നു.
- ഗാന്ധിജിയുടെ ജീവിതാദർശങ്ങൾ മനസ്സിലാക്കുന്നു
- കുട്ടികളിൽ സേവന മനോഭാവം വളർത്തുന്നു.

### പ്രവർത്തനങ്ങൾ

വിദ്യാലയവും പരിസരങ്ങളും വൃത്തിയാക്കുന്ന ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു. പോസ്റ്റർ, ക്വിസ് എന്നിവ സംഘടിപ്പിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരം പ്രമേയമായി വരുന്ന സിനിമകളുടെ പ്രദർശനം.

## ഫീൽഡ് ട്രിപ്പ്

• ചരിത്രപരമായോ ഭൂമിശാസ്ത്രപരമായോ പ്രാധാന്യമുള്ള ഒരു പ്രദേശത്തേക്ക് യാത്ര സംഘടിപ്പിക്കുന്നു.

ലക്ഷ്യങ്ങൾ

• സന്ദർശിക്കുന്ന പ്രദേശത്തിന്റെ ചരിത്രം, സംസ്കാരം, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നു.
• കുട്ടികളുടെ മാനസികസന്തോഷം വർദ്ധിക്കുന്നു.
• പഠന താല്പര്യം വർദ്ധിക്കുന്നു.
• അനുഭവക്കുറിപ്പുകൾ തയ്യാറാക്കുന്നു.

പ്രവർത്തനങ്ങൾ

എല്ലാ കുട്ടികളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠനയാത്ര സംഘടിപ്പിക്കുന്നു. യാത്രയുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. അനുഭവക്കുറിപ്പുകൾ, യാത്രാവിവരണങ്ങൾ തയ്യാറാക്കുന്നു. മികച്ചവക്ക് സമ്മാനങ്ങൾ നല്കുന്നു.

---

## കുട്ടികർഷകനെ അനുമോദിക്കൽ

കർഷകദിനത്തിൽ സ്കൂളിലെ കൃഷിപ്രവർത്തനങ്ങളിൽ മികച്ചപ്രവർത്തനം കാഴ്ചവക്കുന്ന കുട്ടിയെ കണ്ടെത്തി അനുമോദിക്കുന്നു.

ലക്ഷ്യങ്ങൾ

• കുട്ടികളിൽ കൃഷിയോടുള്ള താല്പര്യം വളർത്തുക
• വിഷരഹിത പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുക
അതിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുക
• വീട്ടിൽ പച്ചക്കറികൃഷി ചെയ്യേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു.

AnyScanner

## റിപ്പബ്ലിക് ദിനം

റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നതിന്റെ പ്രാധാന്യം തിരിച്ചറിയുന്നു

ലക്ഷ്യങ്ങൾ

- ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൽ നിന്നും മോചിതമായി ഒരു പരമോന്നത ഗണതന്ത്ര രാജ്യമായതിന്റെ ഓർമ്മക്കായി ജനുവരി 26 റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നു.
- ഭരണഘടനയുടെ പ്രാധാന്യം മനസ്സിലാക്കുന്നു
- ജനാധിപത്യ വ്യവസ്ഥയെക്കുറിച്ച് മനസ്സിലാക്കുന്നു.
- ഭരണഘടനയുടെ രൂപീകരണത്തിന് സംഭാവന നൽകിയ നേതാക്കളെയും മറ്റും നന്ദിയോടെ സ്മരിക്കുന്നു.

പ്രവർത്തനങ്ങൾ

വിദ്യാലയവും പരിസരവും ശുചിയാക്കുന്നു. അലങ്കരിക്കുന്നു. ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. ഭരണഘടന നിർമ്മാണ ചരിത്രം, ക്വിസ്, അതിന് വേണ്ടി അക്ഷീണം പ്രയത്നിച്ച മഹാന്മാരെക്കുറിച്ചുള്ള കുറിപ്പുകൾ തയ്യാറാക്കുന്നു.

പതാക ഉയർത്തൽ, വിവിധ കലാസാംസ്കാരിക പരിപാടികളുടെ അവതരണം.

## അയ്യങ്കാളി ദിനം

അയ്യങ്കാളി ദിനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.

ലക്ഷ്യങ്ങൾ

- ചരിത്രാവബോധം സൃഷ്ടിക്കുന്നു
- നവോത്ഥാന നായകന്മാർ സമൂഹത്തിൽ നടത്തിയ പരിവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു.

പ്രവർത്തനങ്ങൾ

പഴയകാല കേരളത്തിന്റെ ചരിത്രത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കുന്നു. അയ്യങ്കാളി നടത്തിയ സാമൂഹിക വിപ്ലവങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കി അവതരിപ്പിക്കുന്നു.

## വിവരാവകാശദിനം

ഒരു ഇന്ത്യൻ പൗരന് ഇന്ത്യയിലെ ഏത് പബ്ലിക് അതോറിറ്റിയുടെയും കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ളതും വിവരം എന്ന വിഭാഗത്തിൽ വരുന്നതുമായ കാര്യങ്ങൾ ലഭിക്കാനുള്ള അവകാശം

ലക്ഷ്യങ്ങൾ

- വിവരാവകാശ നിയമത്തെ കുറിച്ച് മനസ്സിലാക്കുന്നു
- വിവരങ്ങൾ കൈവശമുള്ള പബ്ലിക് അതോറിറ്റികളെക്കുറിച്ച് മനസ്സിലാക്കുന്നു
- വിവരാവകാശനിയമ പ്രകാരം അപേക്ഷ നല്കേണ്ടത് ആർക്കാണ് എന്ന് ബോധ്യപ്പെടുന്നു.

പ്രവർത്തനങ്ങൾ

വിവരാവകാശ നിയമത്തെ കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.

## ഭക്ഷ്യസുരക്ഷാദിനം

ഭക്ഷ്യസുരക്ഷ ദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു

ലക്ഷ്യങ്ങൾ

- പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക
- കാർഷികോല്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നു.
-

പ്രവർത്തനങ്ങൾ

സുരക്ഷിതവും ആരോഗ്യദായകവുമായ ഭക്ഷണം ഉറപ്പാക്കുന്നതിന്റെ ആവശ്യകതയെ കുറിച്ച് ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു

പോഷകസമൃദ്ധമായ നാടൻ വിഭവങ്ങൾ ഉൾപ്പെടുത്തി, അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടുന്ന ഭക്ഷ്യമേള സംഘടിപ്പിക്കുന്നു

## മോക് പാർലമെന്റ്

ലക്ഷ്യം

ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ

പ്രവർത്തനം

പ്രകടനപത്രിക പ്രചാരണം, സ്ഥാനാർത്ഥിയെ പരിചയപ്പെടൽ, ബാലറ്റ് പേപ്പർ വെച്ചുള്ള തെരഞ്ഞെടുപ്പ് എന്നിവയിലൂടെ പാർലമെന്റ് രൂപീകരിക്കൽ

## ചാന്ദ്രദിനം - വാരാഘോഷം

ചാന്ദ്രദിനത്തോട് അനുബന്ധിച്ച് അനുസ്മരണം നിരവധി പരിപാടികൾ നടത്തുന്നു

### ലക്ഷ്യങ്ങൾ

- ശാസ്ത്രീയ അറിവ് - ചന്ദ്രനിലെ ഗർത്തങ്ങൾ, ചന്ദ്രോപരിതലത്തിന്റെ ഘടന എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വിശദമായ അറിവ് ലഭിക്കുന്നു
- ഗവേഷണ പഠനം — ചന്ദ്രന്റെ ചരിത്രം ISRO എന്നിവയുടെ ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനം വിദ്യാർത്ഥികളിൽ ഗവേഷണ മനോഭാവം വളർത്തുന്നു
- ലോകോത്തര വിജ്ഞാനം - ചാന്ദ്രദിനം പോലുള്ള പരിപാടികൾ വഴി വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര ബഹിരാകാശ പദ്ധതികളെയും ചാന്ദ്രദൗത്യങ്ങളെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നു

### പ്രവർത്തനങ്ങൾ

ചാന്ദ്രദിന ക്വിസ് സംഘടിപ്പിക്കുന്നു. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുന്നു. വീഡിയോ പ്രദർശനം ബഹിരാകാശ ഗവേഷണവുമായി ബന്ധപ്പെട്ട വീഡിയോകളുടെ പ്രദർശനം.

## ഫീൽഡ് ട്രിപ്പ്

സമ്മിശ്ര കൃഷി രീതി നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിന് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.

### ലക്ഷ്യങ്ങൾ

- സമ്മിശ്ര കൃഷി രീതിയെക്കുറിച്ച് മനസ്സിലാക്കുന്നു.
- കൃഷിയോട് താല്പര്യം വർദ്ധിപ്പിക്കുന്നു.
- കന്നുകാലി പരിപാലന രീതികൾ കണ്ട് മനസ്സിലാക്കുന്നു.

### പ്രവർത്തനം

സമ്മിശ്രകൃഷിരീതി പിന്തുടരുന്ന ഫാം ഹൗസ് സന്ദർശിക്കുന്നു. വിവിധ തരത്തിൽ നടത്തുന്ന കൃഷികളെക്കുറിച്ച് മനസ്സിലാക്കുന്നു. ശാസ്ത്രീയമായ രീതിയിൽ കന്നുകാലി വളർത്തലിനെക്കുറിച്ച് നേരിട്ട് കണ്ട് മനസ്സിലാക്കുന്നു.

## ഊർജ്ജസംരക്ഷണദിനം

ഊർജ്ജസംരക്ഷണം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു.

ലക്ഷ്യങ്ങൾ

- ഊർജ്ജത്തിന്റെ ഉപയോഗം എങ്ങനെ കുറക്കാം എന്ന് ബോധ്യപ്പെടുന്നു.
- അമിതമായ ഊർജ്ജ ഉപയോഗം പ്രകൃതിയെ എങ്ങനെ ബാധിക്കുമെന്ന് ബോധ്യപ്പെടുന്നു.

പ്രവർത്തനങ്ങൾ

ജൂൺ ആദ്യവാരത്തിൽ തന്നെ ഊർജ്ജസംരക്ഷണം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു. ക്ലാസ് തലത്തിൽ ഊർജ്ജ ഉപയോഗം കുറക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. ഏറ്റവും നന്നായി നിർദ്ദേശങ്ങൾ പാലിക്കുന്ന ക്ലാസിനെ അനുമോദിക്കുന്നു. ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. പോസ്റ്റർ രചന, ചിത്രരചന എന്നിവ സംഘടിപ്പിക്കുന്നു.

---

## കൊതുക് ദിനം

മനുഷ്യനും മലേറിയയും കൊതുകും തമ്മിലുള്ള ബന്ധം കണ്ടെത്തിയതിന്റെ ബഹുമാനാർത്ഥം കൊതുകുദിനം ആചരിക്കുന്നു.

ലക്ഷ്യങ്ങൾ

- കൊതുകു മൂലം പടരുന്ന വിവിധ രോഗങ്ങളെ കുറിച്ച് മനസ്സിലാക്കുന്നു.
- കൊതുകിന്റെ ഉറവിടനശീകരണം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു.

പ്രവർത്തനങ്ങൾ

വീടും പരിസരങ്ങളും വൃത്തിയാക്കുന്നു. കൊതുകുകൾ വളരുന്നതിന് സഹായകമായി ഇടങ്ങൾ കണ്ടെത്തി നശിപ്പിക്കുന്നു. ക്വിസ് സംഘടിപ്പിക്കുന്നു. വീഡിയോ പ്രദർശനം നടത്തുന്നു.

## മാത്സ് ക്ലിനിക്

പഠനപിന്നോക്കക്കാർക്ക് ഗണിതത്തിലെ അടിസ്ഥാന ശേഷികൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

ലക്ഷ്യങ്ങൾ

- ഗണിതത്തിലെ അടിസ്ഥാന ശേഷികൾ എല്ലാകുട്ടികളും നേടി എന്ന് ഉറപ്പുവരുത്തുന്നു

പ്രവർത്തനം

പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കുന്നു. അദ്ധ്യാപകരുടെയും ക്ലാസുകളിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളുടെയും സഹായത്തോടെ ക്ലാസുകൾ നൽകുന്നു

## ഗണിതവും ജീവിതവും

ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു

– ലക്ഷ്യങ്ങൾ

- നിത്യജീവിതത്തിൽ ഗണിതം ഉപയോഗിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തുന്നതിലൂടെ ജീവിതത്തിൽ ഗണിതത്തിനുള്ള പ്രാധാന്യം ബോധ്യപ്പെടുത്തുന്നു

പ്രവർത്തനം

നിത്യജീവിതത്തിൽ ഗണിതം ഉപയോഗപ്പെടുത്തുന്നവ പലതും ഉപയോഗപ്പെടുത്തുന്ന മേഖലകളും തരംതിരിച്ച് കണ്ടെത്തുന്നു. പട്ടികപ്പെടുത്തുന്നു. ഇവയെ ജീവിതവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് വിശകലനം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കുന്നു.

## പൈ ദിനം

ഗണിത ശാസ്ത്രത്തിൽ പൈയുടെ (π) പ്രാധാന്യം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള പരിപാടി

ലക്ഷ്യങ്ങൾ

π യുടെ വിലയെക്കുറിച്ചും π ദിനത്തെക്കുറിച്ചും കുട്ടികൾ മനസ്സിലാക്കുന്നു

പ്രവർത്തനം

അസംബ്ലിയിൽ അധ്യാപകർ π യുടെ വിലയെക്കുറിച്ചും ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അവബോധന ക്ലാസ്സ് നൽകുന്നു.

## ശില്പശാല

ഗണിത രൂപങ്ങൾ മാതൃകകൾ പരിചയപ്പെടുന്നു

ലക്ഷ്യങ്ങൾ

- ഗണിത ആശയങ്ങൾ മനസ്സിലാക്കുന്നു
- ഗണിത രൂപങ്ങളും മാതൃകകളും പരിചയപ്പെടുന്നു

പ്രവർത്തനം

പ്രഗത്ഭരായ ഗണിത അധ്യാപകരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. അവരുടെ നേതൃത്വത്തിൽ ഗണിത രൂപങ്ങളും മാതൃകകളും നിർമ്മിക്കുന്നു

## ഗണിത ലാബ്

ഗണിത പഠനത്തിനാവശ്യമായ ഉപകരണങ്ങൾ ശേഖരിക്കൽ

ലക്ഷ്യങ്ങൾ

- ഗണിത പഠന താല്പര്യം വർദ്ധിപ്പിക്കുന്നു
- ഗണിതപഠന ഉപകരണങ്ങൾ പരിചയപ്പെടുന്നു.

പ്രവർത്തനം

ശില്പശാലകൾ നടത്തി ഗണിതലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ശേഖരിക്കുന്നു.

## ഗണിതമേള

മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ

ലക്ഷ്യങ്ങൾ

- മേളകളിൽ പങ്കെടുക്കുന്നതിനുള്ള ആത്മവിശ്വാസം കൈവരിക്കൽ
- വിവിധ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന കുട്ടികളെ കണ്ടെത്തി പ്രോത്സാഹനം നൽകുന്നു

പ്രവർത്തനം

ഗണിത ക്ലബിന്റെ നേതൃത്വത്തിൽ ഗണിതമേള സംഘടിപ്പിക്കുന്നു. വിവിധ പ്രവർത്തനം നടത്തുന്ന കുട്ടികളെ കണ്ടെത്തുന്നു. ആവശ്യമായ പരിശീലനങ്ങൾ നൽകുന്നു. മേളകളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കുന്നു.

---

## ഫീൽഡ് ട്രിപ്പ്

ഫീൽഡ്ട്രിപ്പിലൂടെ കുട്ടികൾക്ക് ഗണിതപഠനം സാധ്യമാകുന്നു

ലക്ഷ്യങ്ങൾ

- ഗണിതപഠനം ലളിതവും ആസ്വാദ്യകരവുമാകുന്നു
- ഗണിതപഠന താല്പര്യം വർദ്ധിപ്പിക്കുന്നു.
- ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുന്നു

പ്രവർത്തനം

ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കുന്നു. ട്രിപ്പിന് വേണ്ട ബഡ്ജറ്റ് പ്ലാൻ തയ്യാറാക്കുന്നു. വരവുചെലവുകൾ തയ്യാറാക്കുന്നതിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

## ജൈവവൈവിധ്യ ഉദ്യാനം (ശലഭപാർക്ക്)

വിവിധ തരത്തിലുള്ള സസ്യങ്ങളേയും ശലഭങ്ങളേയും സംരക്ഷിക്കുന്നു.

### ലക്ഷ്യങ്ങൾ

- സസ്യങ്ങളേയും, ജീവജാലങ്ങളേയും സംരക്ഷണത്തിൽ ശ്രദ്ധ പുലർത്തുക
- പ്രകൃതിയോടും ജീവജാലങ്ങളോടും സ്നേഹത്തോടെയുള്ള പെരുമാറ്റരൂപീകരണം
- പ്രകൃതിസംരക്ഷണം കടമയാണെന്ന ബോധം വളർത്തുക

### പ്രവർത്തനം

ജൂൺ ആദ്യവാരം തന്നെ ശലഭപാർക്ക് വൃത്തിയാക്കി പുതിയ ചെടികൾ നട്ടുവളർത്തുക. ഇത് പരിപാലന പ്രവർത്തനങ്ങളിൽ ഏർപ്പെടുക. ശലഭചെടികളെ പ്രത്യേകമായി സംരക്ഷിക്കുക. ജൂലൈ ആഗസ്റ്റ് മാസത്തോടെ ശലഭങ്ങൾ എത്തിച്ചേരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

## ഇക്കോ ക്ലബ്

വിദ്യാലയവും പരിസരവും വൃത്തിയായി സൂക്ഷിക്കുന്ന പ്രവർത്തനങ്ങൾ

### ലക്ഷ്യങ്ങൾ

- വൃത്തിയുള്ളതും സുന്ദരവുമായ വിദ്യാലയം നിർമ്മിക്കാം
- എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന തിരിച്ചറിവ്.

## പ്രവർത്തനങ്ങൾ

എല്ലാ ദിവസം കഴിയുന്ന പോലെ വിദ്യാലയവും പരിസരവും വൃത്തിയാക്കുന്നു. എല്ലാ വെള്ളിയാഴ്ചകളിലും ഡ്രൈഡേ ആചരിക്കുന്നു. ജൈവ - അജൈവ മാലിന്യങ്ങൾ വേർതിരിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. അടുക്കളയിലെ ജൈവവശിഷ്ടങ്ങൾ വളമാക്കി മാറ്റുന്നു

## പച്ചക്കറിത്തോട്ടം

വിഷരഹിത പച്ചക്കറികൃഷിയിൽ ഏർപ്പെടുന്നു.

### ലക്ഷ്യങ്ങൾ

- ആരോഗ്യകരമായ ഭക്ഷണം ശീലമാക്കുക
- സ്വന്തം ആവശ്യത്തിനുള്ള പച്ചക്കറികൾ സ്വയം ഉല്പാദിപ്പിക്കുക
- വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക

### പ്രവർത്തനം

ടെറസിന് മുകളിൽ പച്ചക്കറികൃഷി നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു. പരിസ്ഥിതി ദിനത്തിൽ 100 പച്ചക്കറിതൈകൾ നട്ട് ഉദ്ഘാടനം നടത്തുന്നു. ഇടവേളകളിൽ കൃഷിസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. വിദ്യാലയത്തിൽ നിർമ്മിച്ചെടുക്കുന്ന ജൈവവളം കൃഷിക്കായി ഉപയോഗിക്കുന്നു.

## വിജയശ്രീ പദ്ധതി

SSLC വിജയശതമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെയുള്ള വിവിധ പ്രവർത്തനങ്ങൾ

### പ്രവർത്തനങ്ങൾ

ജൂലൈ ആദ്യവാരം മുതൽ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു. 10-ാം ക്ലാസ്സിലെ പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി പരിശീലന ക്ലാസ്സുകൾ നൽകുന്നു. മോണിംഗ്, ഈവനിംഗ്, നൈറ്റ് അധിക സമയ ക്ലാസ്സുകൾ എന്നിവ നൽകുന്നു. ടാർഗറ്റ് ഗ്രൂപ്പുകണ്ടെത്തി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നു. വിജയശ്രീ പരീക്ഷ നടത്തി അവലോകനം ചെയ്യുന്നു. വിജയം 100% മായി നിലനിർത്തുന്നു. വിദ്യാർത്ഥികൾ ഗ്രേഡുകൾ സ്വായത്തമാക്കുന്നു.

## ശ്രദ്ധ പദ്ധതി

8, 9 ക്ലാസ്സുകളിൽ പഠനപിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നൽകുന്ന പ്രത്യേക പഠന പരിപോഷണ പദ്ധതി.

### പ്രവർത്തനങ്ങൾ

8, 9 ക്ലാസ്സുകളിൽ പഠനപിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ പ്രീടെസ്റ്റ് നടത്തി കണ്ടെത്തുന്നു. ഭാഷ, ഗണിതം, ശാസ്ത്ര വിഷയങ്ങളിൽ പ്രത്യേക മൊഡ്യൂൾ പ്രകാരം ക്ലാസ്സുകൾ നൽകി കുട്ടികളെ മുന്നോക്കാവസ്ഥയിൽ എത്തിക്കുന്നു. ഇതിനായി പ്രത്യേക ടൈംടേബിൾ തയ്യാറാക്കുന്നു. അധിക പഠനസമയം കണ്ടെത്തുന്നു.

8,9 ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും പദ്ധതി പ്രയോജനപ്പെടുത്തുന്നു.

പ്രവർത്തനങ്ങൾ

കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികാസത്തിനുതകുന്ന വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ആരോഗ്യകരമായ ഭക്ഷണ ശീലം വിതരണത്തിനെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. മാനസികോല്ലാസത്തിന് എല്ലാ വെള്ളിയാഴ്ചകളിലും സർഗ്ഗവേള സംഘടിപ്പിക്കുന്നു. സാമൂഹിക നില മെച്ചപ്പെടുത്തുന്ന വിവിധയിനം കളികളിൽ ഏർപ്പെടുന്നു.

## വായനാക്കുറിപ്പ് തയ്യാറാക്കൽ

കുട്ടികളിലെ വായന വളർത്തുന്നതിന്റെ ഭാഗമായി വായനാക്കുറിപ്പ് തയ്യാറാക്കൽ

ലക്ഷ്യങ്ങൾ

- കുട്ടികൾ ഗ്രന്ഥശാലയോടടുക്കുന്നു
- വായനയിലൂടെ ആനന്ദം കണ്ടെത്താൻ കഴിവുള്ളവരാകുന്നു
- പുതിയ പുസ്തകങ്ങൾ പരിചയപ്പെടുന്നു
- വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പ് തയ്യാറാക്കുന്നു
-

കുട്ടികൾക്ക് ഇഷ്ടമുള്ള പുസ്തകം ലൈബ്രറിയിൽ നിന്നും എടുക്കാൻ അവസരം നല്കുന്നു. പുസ്തകങ്ങളുടെ അടിസ്ഥാനപ്പെടുത്തി വായനാക്കുറിപ്പ് തയ്യാറാക്കുന്നു.

## എഴുത്തുകൂട്ടം രൂപീകരണം

കുട്ടികളിലെ സർഗാത്മകത കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടെ നടത്തുന്ന പ്രവർത്തനമാണ് എഴുത്തുകൂട്ടം

- കുട്ടികളിൽ ഒളിഞ്ഞുകിടക്കുന്ന സർഗ്ഗവാസന കണ്ടെത്തുന്നു
- കുട്ടികളിലെ സർഗ്ഗവാസനകൾക്കു യോജ്യമായ ശില്പശാലകൾ സംഘടിപ്പിക്കുന്നു.
- കുട്ടികളുടെ സർഗ്ഗാത്മക രചനകൾ മററ് കുട്ടികൾക്ക് പ്രചോദനമാകും വിധം പ്രദർശിപ്പിക്കുന്നു.

സർഗ്ഗവാസനയുള്ള കുട്ടികളെ കണ്ടെത്താനായി ക്ലാസ്സിൽ വിഷയം നല്കി അതിനെ അടിസ്ഥാനമാക്കി കഥ, കവിതം, ചിത്രരചന, കാർട്ടൂൺ എന്നിവ തയ്യാറാക്കാൻ നൽകുന്നു. കുട്ടികൾ തയ്യാറാക്കിയതിൽ മികച്ചത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.

AnyScanner

## പ്രശ്നോത്തരി

വായന വാരത്തോട് അനുബന്ധിച്ച് പ്രശ്നോത്തരി മത്സരം

ലക്ഷ്യങ്ങൾ

- കുട്ടികളിൽ പൊതുവിജ്ഞാനം വർധിപ്പിക്കുന്നു
- പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയുടെ വായന വളർത്തുന്നു

ജൂൺ രണ്ടാം വാരത്തിൽ പ്രശ്നോത്തരി മത്സരം നടത്തുന്നു. ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവരെ കണ്ടെത്തുന്നു. സമ്മാനങ്ങൾ വിതരണം ചെയ്യുന്നു. സ്കൂൾ അസംബ്ലിയിൽ ക്വിസ് നടത്തുന്നു. വിദ്യ ഉടനടിയിൽ ഉത്തരം പറയുന്നവർക്ക് പ്രോത്സാഹനസമ്മാനം നൽകുന്നു.

## ബഷീർ അനുസ്മരണവും പ്രശ്നോത്തരി മത്സരവും

- ബഷീർ എന്ന എഴുത്തുകാരനെ പരിചയപ്പെടുന്നു
- ബഷീർ ദിനത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് ബോധ്യപ്പെടുന്നു
- ബഷീർ കൃതികളുടെ വായനയിലേക്ക് കുട്ടികളെ എത്തിക്കുന്നു

ബഷീർ ദിനത്തിന്റെ പ്രാധാന്യവും മറ്റും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സന്ദേശം തയ്യാറാക്കി അവതരിപ്പിക്കുന്നു. ബഷീർ കൃതികൾ വായന, പ്രദർശനം, നാടകാവതരണം, പ്രശ്നോത്തരി ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവർക്ക് ഉപഹാരങ്ങൾ നൽകുന്നു.